**പതിനാറാം കേരള നിയമസഭ**

**ബുള്ളറ്റിൻ ഭാഗം II**

**2026 ഓഗസ്റ്റ് 11**

**നമ്പർ : 47**

## ഫ്യൂവൽ കാർഡ് വിനിയോഗം സംബന്ധിച്ച മാർഗ്ഗനിർദേശങ്ങൾ

1. ഒരു അംഗത്തിന് അനുവദിച്ചിട്ടുള്ള രണ്ട് ഫ്യൂവൽ കാർഡുകളും അതത് അംഗത്തിന്റെ സ്വന്തം യാത്രയുടെ ആവശ്യത്തിനായി മാത്രം ഉപയോഗിക്കേണ്ടതാണ്.
2. ഫ്യൂവൽ കാർഡുകൾ കുടുംബാംഗങ്ങളുടേയോ സ്റ്റാഫിന്റെയോ മറ്റുള്ളവരുടെയോ ഉപയോഗത്തിനായി കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല.
3. ഫ്യൂവൽ കാർഡിനായി അംഗങ്ങൾ നൽകിയ ഓപ്ഷന്റെ പരമാവധി പത്ത് ശതമാനം തുക മാത്രമേ ഒരു മാസത്തിൽ അനുവദിക്കുകയുള്ളൂ.
4. കാർഡുകളിൽ അനുവദിക്കുന്ന തുക , അനുവദിക്കപ്പെട്ട തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ ഉപയോഗിച്ച് തീർക്കേണ്ടതാണ് . അല്ലാത്തപക്ഷം പ്രസ്തുത തുകയിൽ അവശേഷിക്കുന്ന തുക തിരിച്ചുപിടിക്കുന്നതാണ്.
5. ഒരു അംഗത്തിന്റെ നിയമസഭാംഗത്വം നഷ്ടമാകുന്ന സാഹചര്യത്തിൽ കാർഡുകളിൽ അവശേഷിക്കുന്ന തുക തിരിച്ചുപിടിക്കുന്നതാണ്.
6. ഒരു വാഹനത്തിൽ പരമാവധി നിറയ്ക്കാൻ കഴിയുന്ന ഇന്ധനത്തിനുള്ള തുകയെക്കാൾ കൂടുതൽ ഒരു സമയത്ത് കാർഡുപയോഗിച്ച് നൽകാൻ പാടുള്ളതല്ല.
7. വാഹനങ്ങളിൽ ഇന്ധനം നിറയ്ക്കുന്നതിന് കാർഡുപയോഗിച്ച് പെട്രോൾ പമ്പുകളിൽ നൽകേണ്ട തുക കുടിശ്ശികയാക്കി പിന്നീട് ഒരുമിച്ച് നൽകാൻ പാടുള്ളതല്ല.
8. കാർഡുകളുടെ ഉപയോഗം സംബന്ധിച്ച ഓൺലൈൻ വിവരങ്ങൾ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിംഗിന് വിധേയമാകുന്നതാണ്.

**ഷാജി സി. ബേബി,**

**സെക്രട്ടറി-ഇൻ-ചാർജ്ജ്.**